# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2429 18.06.2014 – ൽ മറുപടിക്ക്

## ജല അതോറിറ്റിയുടെ പദ്ധതികളുടെ മോണിറ്ററിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി, കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതു വഴിയും പഴയതും ഉപയോഗ ശൂന്യവുമായ പമ്പുകൾ, മോട്ടോറുകൾ എന്നിവ മാറ്റി സ്ഥാപിച്ച് ശുദ്ധജല വിതരണം സുഗമമാക്കുക വഴിയും, കൂടുതൽ സുതാര്യവും വേഗത്തിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഇ-ടെൻണ്ടറിംഗിലൂടെ ടെൻണ്ടറുകൾ ക്ഷണിച്ച് അധികാര പരിധി അനുസരിച്ച് അനുമതി ലഭ്യമാക്കുകയും, കെ.എസ്.യു.ഡി.പി. നോഡൽ ഏജൻസിയായ ജെ.എൻ.എൻ.യു.ആർ.എം.(JNNURM), യു.ഐ.ഡി.എസ്.എസ്.എം.ടി. (UIDSSMT) , എ.ഡി.ബി. (A.D.B) പദ്ധതികൾ എന്നിവ വഴിയും ശുദ്ധജലവിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ മാറ്റുന്നതിന് വേണ്ടി കേരള വാട്ടർ |

| | |
|---|---|
| | അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തിയും മറ്റുള്ള ഡിപ്പാർട്ടുമെന്റുമായി കോ-ഓർഡിനേറ്റ് ചെയ്തു പ്രശ്നങ്ങൾ തീർത്തും മുന്നോട്ടു പോകുന്നു. ഇതിനുപരിയായി കേരള വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ ഹെഡ് ഓഫീസിലെ വിവിധ ഓഫീസുകളിലെ ഉദ്യോഗസ്ഥർ പി.എ.എസ്.കെ. (PASK) (പ്രോജക്റ്റ് അലേർട്ട് സിസ്റ്റം ഓഫ് കേരള ) വഴിയും വീഡിയോ കോൺഫറൻസുകളിലൂടെയും പദ്ധതികളുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി വിലയിരുത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും വേണ്ടി നിലവിലുള്ള പദ്ധതികളെ ആഗ്മെന്റേഷൻ നടത്തിയും പദ്ധതികളുടെ സ്രോതസ്സ്, ജല ശുദ്ധീകരണശാല മുതലായ ഘടകങ്ങളുടെ റീഹാബിലിറ്റേഷൻ നടത്തുകയും ചെയ്യുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം വഴിയും, കേടായ പമ്പുസെറ്റുകൾ മാറ്റി സ്ഥാപിച്ചും, പഴയതും കേടായതുമായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിച്ചും, പൈപ്പ്ലൈനുകൾ നീട്ടിയും, ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിച്ചും കൂടുതൽ സ്ഥലങ്ങളിലേക്ക് കുടിവെള്ളം എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. |
| (സി) പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ ; | (സി) പദ്ധതി കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിലേയ്ക്കായി ജല അതോറിറ്റിയിൽ ഒരു മോണിറ്ററിംഗ് വിഭാഗം ഉണ്ട്. |

ഈ വിഭാഗം പദ്ധതികളുടെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യാറുണ്ട്. അവയുടെ റിപ്പോർട്ട് മേൽപ്പറഞ്ഞ വിഭാഗത്തിൽ ക്രോഡീകരിച്ച് സർക്കാരിന്റെ സി.പി.എം.യു.വെബ്സൈറ്റിലും, പ്ലാൻ സ്പേസ് എന്ന വെബ് സൈറ്റിലും രേഖപ്പെടുത്താറുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ സർക്കിൾ ഡിവിഷൻ ഓഫീസുകളെ ഏകോപിപ്പിച്ചു കൊണ്ട് മാസം തോറും വീഡിയോ കോൺഫറൻസ് നടത്തി പുരോഗതികൾ വിലയിരുത്തുകയും ചെയ്യുന്നു. സർക്കാർ തലത്തിലും അവലോകന യോഗങ്ങൾ നടത്തിവരാറുണ്ട്.

സെക്ഷൻ ഓഫീസർ